REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 16-08-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തത്തെ ഒരു സമൂഹമെന്ന നിലയിൽ ഒറ്റക്കെട്ടായി സംസ്ഥാനത്തിന് നേരിടാൻ കഴിഞ്ഞു എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- അമ്പതിനാലാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ചിത്രം കാതൽ. മികച്ച നടൻ പൃഥിരാജ്. മികച്ച നടിമാരായി ഊർവ്വശിയും ബീനാ ആർ ചന്ദ്രനും.
- 2022 ലെ ദേശീയ ചലച്ചിത്ര അവാർഡുകൾ ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും.
- മഹാരാഷ്ട്ര, ഹരിയാന, ജമ്മു കശ്മീർ, ജാർഖണ്ഡ് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് തിയതി ഉച്ച കഴിഞ്ഞ് പ്രഖ്യാപിച്ചേക്കും.
- ആദ്യ ആളില്ലാ ഗഗൻയാൻ ദൗത്യം ഈ വർഷം അവസാനത്തോടെ വിക്ഷേപിക്കാൻ ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് ISRO ചെയർമാൻ ഡോ. S. സോമനാഥ്. ഭൗമ നിരീക്ഷണ ഉപഗ്രഹവും SR-O ഡെമോ സാറ്റ് പാസഞ്ചർ ഉപഗ്രഹവും ISRO വിജയകരമായി വിക്ഷേപിച്ചു.
- സിവിൽ സപ്ലൈസ് കോർപറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 225 കോടി രൂപ അനുവദിച്ചു.

## വാർത്തകൾ വിശദമായി

വയനാട് ദുരന്തത്തെ ഒരു സമൂഹമെന്ന നിലയിൽ ഒറ്റക്കെട്ടായി സംസ്ഥാനത്തിന് നേരിടാൻ കഴിഞ്ഞു എന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ദുരന്തബാധിതരെ മാതൃകാപരമായി പുനരധിവസിപ്പിക്കാനും സംസ്ഥാനത്തിന് കഴിയുമെന്ന് അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു. കൊച്ചിയിൽ തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകളും പ്രവചനങ്ങളും നടത്താൻ കഴിയുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടമാകാതിരുന്നതിന് കാരണം അവിടെ താമസിച്ചിരുന്ന എല്ലാവരെയും മുൻകൂട്ടി മാറ്റാൻ കഴിഞ്ഞതാണ്. ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒട്ടേറെ നടപടികൾ ശാസ്ത്രീയ മാർഗങ്ങളിലൂടെയും വിവിധ ഏജൻസികളുടെ മുന്നറിയിപ്പുകളിലൂടെയും നാട്ടറിവുകളുടെയും ഭാഗമായി ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രകൃതി ദുരന്ത സാഹചര്യങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാറുണ്ടെങ്കിലും ജനങ്ങൾ ഉന്നയിക്കുന്ന പരാതികൾ തീർക്കുന്നത് സംബന്ധിച്ച് അത്തരം സമീപനം ഉണ്ടാകുന്നില്ലെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി ചാലിയാർ കേന്ദ്രീകരിച്ച് തിരച്ചിൽ ആരംഭിച്ചു.

ഇരുട്ടുകുത്തി മുതൽ പരപ്പൻപാറ വരെ ഭാഗങ്ങളിലാണ് തെരച്ചിൽ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

............വോയ്സ്............

✪✪✪

കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ട രേഖകൾ പുനഃസൃഷ്ടിച്ചു നൽകുന്നതിന് പ്രത്യേക അദാലത്ത് വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിൽ തുടങ്ങി. അദാലത്തിൽ വിവിധ വകുപ്പുകളുടെ 12 ലേറെ കൗണ്ടറുകൾ ഉണ്ട്.' അദാലത്തിൽ കഴിയുന്നത്ര രേഖകൾ പുനഃസൃഷ്ടിച്ചു നൽകാനാണ് ശ്രമം.

✪✪✪

വിലങ്ങാട്ടെ ഉരുൾപൊട്ടലിൽ KSEB-ക്ക് ഏഴ് കോടി 87 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി മന്ത്രി K. കൃഷ്ണൻകുട്ടി അറിയിച്ചു. വിലങ്ങാട് ചെറുകിട ജലവൈദ്യുതി പദ്ധതിയടക്കം ആറ് പദ്ധതികൾക്കാണ് നാശനഷ്ടമുണ്ടായതെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

അമ്പതിനാലാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. പരിഗണിച്ച 160 ചിത്രങ്ങളിൽ 38 ചിത്രങ്ങളായിരുന്നു അന്തിമ പട്ടികയിൽ.

കലാമൂല്യമുള്ള ചിത്രമായി ആടുജീവിതം തെരഞ്ഞെടുക്കപ്പെട്ടു. ജനപ്രിയ ചിത്രത്തിനുള്ള പുരസ്കാരവും ആടുജീവിതത്തിനാണ്. മികച്ച ചിത്രം കാതലും മികച്ച രണ്ടാമത്തെ ചിത്രം ഇരട്ടയുമാണ്. കുട്ടികളുടെ ചിത്രത്തിന് നിലവാരമില്ലാത്തതിനാൽ ഇത്തവണ പുരസ്കാരമില്ല.

മികച്ച നടനായി പൃഥ്വിരാജ് സുകുമാരനും മികച്ച നടിമാരായി ഉർവശിയും ബീനാ ആർ ചന്ദ്രനും തെരഞ്ഞെടുക്കപ്പെട്ടു. ബ്ലെസ്സിയാണ് മികച്ച സംവിധായകൻ. വിജയരാഘവനാണ് സ്വഭാവ നടൻ.

കിഷോർ കുമാറാണ് മികച്ച ഗ്രന്ഥ കർത്താവ്. അദ്ദേഹത്തിന്റെ, മഴവിൽ കണ്ണിലൂടെ മലയാള സിനിമ എന്ന ചലച്ചിത്ര ഗ്രന്ഥത്തിനാണ് പുരസ്കാരം. ആടുജീവിതത്തിലെ അഭിനയത്തിന് ഗോകുലും, കാതൽ ദ കോർ എന്ന ചിത്രത്തിലെ പ്രകടനത്തിന് സുധി കോഴിക്കോടും കൃഷ്ണം ജൈവം എന്ന ചിത്രത്തിനും പ്രത്യേക ജൂറി പരാമർശത്തിന് അർഹരായി. ഫാസിൽ റസാഖാണ് മികച്ച നവാഗത സംവിധായകൻ.

ആൻ ആമി മികച്ച ഗായികയായും വിദ്യാധരൻ മാസ്റ്റർ മികച്ച ഗായകനായും തെരഞ്ഞെടുക്കപ്പെട്ടു. റോഷൻ മാത്യു , സുമംഗല എന്നിവരാണ് മികച്ച ഡബ്ബിങ് ആർട്ടിസ്റ്റുകൾ. അവലംബിത തിരക്കഥയ്ക്ക് പുരസ്കാരം ബ്ലെസിക്ക് ലഭിച്ചു- ചിത്രം ആടുജീവിതം. രോഹിത് എം ജി കൃഷ്ണന്റെ ഇരട്ടയാണ് മികച്ച തിരക്കഥ.

തെന്നൽ അഭിലാഷും അവയുക്ത് മേനോനുമാണ് മികച്ച ബാലതാരം.

✪✪✪

2022 ലെ ദേശീയ ചലച്ചിത്ര അവാർഡുകളും ഇന്ന് പ്രഖ്യാപിക്കും. ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലാണ് 70-ാമത് ദേശീയ ചലച്ചിത്ര അവാർഡ് പ്രഖ്യാപനം.

✪✪✪

മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് നാളെ തുടക്കമാകും. വെർച്വലായി സംഘടിപ്പിക്കുന്ന ഉച്ചകോടിയിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും.

✪✪✪

നാല് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തിയതി തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിച്ചേക്കും. ഹരിയാന, ജമ്മു കാശ്മീർ, മഹാരാഷ്ട്ര, ജാർഖണ്ഡ് സംസ്ഥാനങ്ങളിലാണ് തെരഞ്ഞെടുപ്പ്. ഉച്ച കഴിഞ്ഞ് മൂന്നിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഡൽഹിയിൽ മാധ്യമങ്ങളെ കാണുന്നുണ്ട്.

✪✪✪

മുൻ പ്രധാനമന്ത്രിയും ഭാരതരത്നയുമായ അടൽ ബിഹാരി വാജ്പേയിയുടെ ചരമവാർഷികമായ ഇന്ന് രാജ്യം അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ന്യൂഡൽഹിയിലെ സദൈവ് അടലിൽ അടൽ ബിഹാരി വാജ്പേയിയുടെ സമാധിയിൽ പ്രാർത്ഥനാ യോഗം സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി

ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ രാവിലെ സദൈവ് അടലിൽ പുഷ്പാർച്ചന നടത്തി.

✪✪✪

ആദ്യ ആളില്ലാ ഗഗൻയാൻ ദൗത്യം ഈ വർഷം അവസാനത്തോടെ വിക്ഷേപിക്കാൻ ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് ISRO ചെയർമാൻ ഡോ. S. സോമനാഥ് പറഞ്ഞു. റോക്കറ്റിന്റെ എല്ലാ ഭാഗങ്ങളും സതീഷ് ധവാൻ സ്പേസ് സെന്ററിൽ എത്തിയിട്ടുണ്ടെന്നും അത് കൂട്ടിച്ചേർത്ത് ദൗത്യം പറന്നുയരാൻ തയ്യാറാണെന്നും അദ്ദേഹം ISRO-യിൽ മാധ്യമങ്ങളോട് പറഞ്ഞു. ഗാമാ രശ്മികളുടെ വ്യാപ്തി, യുവി വികിരണത്തിന്റെ വ്യാപ്തി, കോസ്മിക് അൾട്രാ റേഡിയേഷൻ എന്നിവ പരിശോധിക്കുന്നതിനു സെൻസറുകൾ മനുഷ്യ ദൗത്യത്തിലെ ബഹിരാകാശയാത്രികരെ സംരക്ഷിക്കാൻ അളക്കുമെന്ന് ഡയറക്ടർ പറഞ്ഞു.

✪✪✪

ഭൗമ നിരീക്ഷണ ഉപഗ്രഹവും SR-O ഡെമോ സാറ്റ് പാസഞ്ചർ ഉപഗ്രഹവും ISRO വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാവിലെ 9.17നാണ് SSLV D-3 റോക്കറ്റ് കുതിച്ചുയർന്നത്. വാണിജ്യാടിസ്ഥാനത്തിൽ ബഹിരാകാശ വിക്ഷേപണ സാധ്യതകൾ തിരിച്ചറിഞ്ഞാണ് ഇന്ത്യ SSLV ഒരുക്കിയത്. SSLV റോക്കറ്റിൽ ISRO നടത്തുന്ന ഏറ്റവും ഒടുവിലത്തെ വിക്ഷേപണമാണ് ഇത്.

**SSLV D3-ന്റെ പേലോഡുകൾ ആഗോള നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റത്തിന് കൃത്യമായ വിശദാംശങ്ങൾ നൽകുകയും നിരീക്ഷണം, ദുരന്ത നിരീക്ഷണം, അഗ്നിപർവ്വതങ്ങൾ, വ്യാവസായിക, പവർ പ്ലാന്റ് ദുരന്തങ്ങൾ തുടങ്ങിയ ആപ്ലിക്കേഷനുകൾക്കായി രാവും പകലും ഇൻഫ്രാറെഡ് ചിത്രങ്ങൾ അയയ്ക്കുകയും ചെയ്യും.**

✪✪✪

**സിവിൽ സപ്ലൈസ് കോർപറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 225 കോടി രൂപ അനുവദിച്ചതായി മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. ഓണക്കാലത്ത് അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഒഴിവാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചത്. ബജറ്റ് വിഹിതത്തിന് പുറമെ 120 കോടി രൂപയാണ് സപ്ലൈകോയ്ക്ക് അധികമായി ലഭ്യമാക്കിയത്.**

✪✪✪

**ഉച്ചകഴിഞ്ഞ് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തുന്ന ഹോക്കി താരം P.R ശ്രീജേഷിന് സംസ്ഥാന ഗവൺമെൻറും, സ്പോർട്സ് കൗൺസിലും, ഒളിമ്പിക് അസോസിയേഷനും ചേർന്ന് സ്വീകരണം ഒരുക്കും. മന്ത്രിമാരായ പി.രാജീവ്, വി.അബ്ദുറഹ്മാൻ, ജനപ്രതിനിധികൾ, കായിക താരങ്ങൾ തുടങ്ങിയവർ സ്വീകരണത്തിൽ പങ്കെടുക്കും.**

✪✪✪

വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെയും KSIDC-യുടെയും പാർക്കുകളിൽ ഭൂമി വിതരണം ചെയ്യുന്നതിന് ആവശ്യമായ ചട്ടങ്ങൾ സംസ്ഥാന ഗവൺമെന്റ് പരിഷ്ക്കരിച്ചതായി മന്ത്രി P. രാജീവ് അറിയിച്ചു. കേരളത്തിൽ നിക്ഷേപം നടത്തുന്നവരുടെ ആവശ്യങ്ങൾ പരിഗണിച്ചാണിതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. 100 കോടിക്ക് മേലെ നിക്ഷേപം നടത്തുന്ന വൻകിട വ്യവസായ സംരംഭകർ ആദ്യവർഷം പാട്ടത്തുകയുടെ പത്ത് ശതമാനം മാത്രം അടച്ചാൽ മതിയാകുമെന്നും ഇവർക്ക് രണ്ട് വർഷം മൊറോട്ടോറിയം ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കണ്ണൂരിലെ ഹാൻവീവ് ആസ്ഥാനമന്ദിരത്തോടനുബന്ധിച്ച് വിശാലമായ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം എട്ട് കോടി രൂപ അനുവദിച്ചതായി ഹാൻവീവ് ചെയർമാൻ ടി.കെ. ഗോവിന്ദൻ അറിയിച്ചു. ഡിസൈൻ സ്റ്റുഡിയോ ഉൾപ്പെടെ ഈ കോംപ്ലക്സിൽ ഉണ്ടാകുമെന്ന് അദ്ദേഹം കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഈ മാസം 23 മുതൽ സെപ്റ്റംബർ 14 വരെ തിരഞ്ഞെടുത്ത കൈത്തറി ഉൽപന്നങ്ങൾക്ക് പത്ത് മുതൽ 70 ശതമാനം വരെ പ്രത്യേക കഴിവ് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

നാഷണൽ സർവ്വീസ് സകീം പ്രോഗ്രാം ഓഫീസർമാർക്കായി ത്രിദിന പരിശീലന പരിപാടിയായ "പ്രിസം" മന്ത്രി ഡോ. ആർ ബിന്ദു തൃശ്ശൂർ പീച്ചിയിൽ ഉദ്ഘാടനം ചെയ്തു. ഹയർസെക്കൻഡറി നാഷണൽ സർവ്വീസ് സ്കീമിന്റെ ട്രെയിനിംഗ് ലഭിക്കാത്ത തൃശൂർ,പാലക്കാട് ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർക്കായാണ് പ്രിസം സംഘടിപ്പിക്കുന്നത്.

✪✪✪

വടകരയിലെ കാഫിർ വിവാദത്തിൽ കുറ്റക്കാരായവരുടെ പേരിൽ UAPA ചുമത്തണമെന്നു പ്രതിപക്ഷ നേതാവ് V.D സതീശൻ ആവശ്യപ്പെട്ടു. കുറ്റക്കാരെ മുഖ്യമന്ത്രി സംരക്ഷിക്കുകയാണെന്ന് അദ്ദേഹം കൊച്ചിയിൽ ആരോപിച്ചു. വിവാദ പോസ്റ്റ് തയ്യാറാക്കിയതിന് തെളിവുണ്ടായിട്ടും പൊലീസ് ഒന്നും ചെയ്യുന്നില്ലെന്നും ഇക്കാര്യത്തിൽ രാഷ്ട്രീയ തലത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും സംഭവം മതേതര കേരളത്തിന് അപമാനകരമാണെന്നും സതീശൻ പറഞ്ഞു.

✪✪✪

ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുൻ ഉൾപ്പെടെ മൂന്ന് പേർക്കായി ഗംഗാവലി പുഴയിൽ തെരച്ചിൽ ആരംഭിച്ചു. നാവികസേനയുടെ മുങ്ങൽ വിദഗ്ധ സംഘം പുഴയിൽ കലക്ക് കൂടുതൽ ആയതിനാൽ തിരിച്ചു കയറിയെങ്കിലും ഈശ്വർ മാൽപെയുടെ സംഘം തെരച്ചിലിന് പുഴയിൽ ഇറങ്ങിയിട്ടുണ്ട്.

✪✪✪